21 (2399) ആറന്മുളയിൽ പട്ടികജാതി കോളനികളുടെ വികസനം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുഴ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) എല്ലാ പട്ടികജാതി കോളനികളിലേയും സ്വന്തമായി വീടി ല്ലാത്ത ആളുകൾക്ക് വീട് നിർമ്മിച്ചു കൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പട്ടികജാതി കോളനികളിലെ വീടുകളിൽ സൗജന്യമായി വൈദ്യുതീകരണം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) കോളനികളിലെ റോഡുകൾ വികസിപ്പിക്കുന്നതിന് ആവശ്യ മായ നടപടി സ്വീകരിക്കുമോ;

(ഇ) കോളനികളിലെ വീട്ടുകാർക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 9-ാം പദ്ധതിയോടെ എല്ലാ പട്ടികവിഭാഗ കുടുംബങ്ങൾക്കും വീട് നൽകാനാണുദ്ദേശിക്കുന്നത്.

(സി),(ഡി)&(ഇ) ധനലഭ്യതയനുസരിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപ നങ്ങളുടെ സഹകരണത്തോടുകൂടിയും നടപടി സ്വീകരിക്കുന്നതാണ്.

22 (2400) വിദ്യാഭ്യാസാനുകൂല്യങ്ങളിൽ വെട്ടിപ്പു നടത്തുന്ന തായി പരാതി

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥി കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിൽ വെട്ടിപ്പ് നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു വിദ്യാഭ്യാസ സ്ഥാപനമാണെന്നും എന്തു സംഖ്യയാണ് വെട്ടിപ്പു നടത്തിയതെന്നും വ്യക്തമാക്കുമോ;

(സി) കുമ്പളയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഇംഗ്ലീഷ്മീഡിയം സ്കൂളിലെ വെട്ടിപ്പുമായി ബന്ധപ്പെട്ട് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലിറ്റിൽലില്ലി ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂൾ, കുമ്പള എന്ന സ്ഥാപനത്തിൽ 22000/- രൂപയുടെ വെട്ടിപ്പ് നടത്തിയതായാണ് വിവരം ലഭിച്ചി ട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly